**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2258** **30-07-2021 - ൽ മറുപടിയ്ക്ക്**

**കെ.ഡബ്ള്യൂ.എ.യിലെ സ്ഥലംമാറ്റ മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ 25.02.2017ലെ സ.ഉ.(പി) നം.3/2017/ഉഭപവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥലംമാറ്റ മാനദണ്ഡം ഓൺലൈൻ വഴി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ; | (എ) | ഉണ്ട് |
| (ബി) | കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന ഓൺലൈൻ സ്ഥലംമാറ്റ മാനദണ്ഡം വഴി പ്രസിദ്ധീകരിച്ച സിസ്റ്റം ജനറേറ്റഡ് ലിസ്റ്റും ഡി.ഡി.എഫ്.എസ്. പ്രകാരമുള്ള എല്ലാ തസ്തികകളുടെയും ലിസ്റ്റും നൽകാമോ; | (ബി) | പ്രസ്തുത ലിസ്റ്റുകൾ ഏറ്റവും ചുരുക്കിയ വിവരങ്ങൾ സഹിതം കേരള വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്. |
| (സി) | ജി-സ്പാർക്ക് വഴിയുള്ള സ്ഥലംമാറ്റ മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുമ്പോൾ തിരുവനന്തപുരത്ത് സ്റ്റേഷൻ പരിധി 5 കിലോമീറ്റർ ആയി ചുരുക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സർക്കാർ ഉത്തരവിനനുസൃതമായിട്ടുള്ളതാണോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. സർക്കാർ ഉത്തരവിലെ 15 KM എന്ന സ്റ്റേഷൻ പരിധി അതോറിറ്റിയിൽ നടപ്പിലാക്കിയാൽ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാകും എന്ന് അംഗീകൃത സംഘടനകളുടെ പ്രതിനിധികൾ കേരള വാട്ടർ അതോറിറ്റിയിൽ പൊതു സ്ഥലം മാറ്റം നടപ്പാക്കുന്നതിനായി 26/03/2018 ന് ബഹു. ജല വിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ അറിയിച്ചിരുന്നു. ഈ ആവശ്യം അംഗീകരിച്ചുകൊണ്ടാണ് ദൂരപരിധി 15 കി. മീ യിൽ നിന്ന് 5 കി. മീ ആയി ചുരുക്കി നിശ്ചയിച്ചത്. ഇത് സംസ്ഥാനമൊട്ടാകെ ഒരുപോലെയാണ് നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ